**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3239 — 18.10.2016 -ൽ മറുപടിക്ക്

## ' പ്രസാദ് 'പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി. അനിൽകുമാർ<br>ശ്രീ. അനിൽ അക്കര<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. എ.സി. മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) ഗുരുവായൂരിനെ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ "പ്രസാദ്" പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ ഇതുമൂലം ഗുരുവായൂരിന് ലഭ്യമാകുന്ന വികസന പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ; | ബി) ക്ഷേത്ര സന്ദർശകർക്ക് ഉപകരിക്കും വിധം ഉള്ള അടിസ്ഥാന വികസന ഘടകങ്ങൾക്കാണ് പദ്ധതി പ്രാധാന്യം നൽകുന്നത്. ഗുരുവായൂരിന് ലഭ്യമാകുന്ന ഘടകങ്ങളെ പറ്റി തീരുമാനിച്ചിട്ടില്ല. ഇതു സംബന്ധിച്ചുള്ള ചർച്ചകൾ കേന്ദ്ര ടൂറിസം മന്ത്രാലയം പ്രതിനിധികളുമായി ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. |
| സി) എത്ര കോടി രൂപയാണ് ഈ പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തിന് കേന്ദ്രം അനുവദിക്കുന്നത്; | സി) തുക അനുവദിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ കേന്ദ്ര ടൂറിസം മന്ത്രാലയമാണ് തീരുമാനിക്കേണ്ടത്. പരമാവധി തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. |

ഡി) ലോക തീർത്ഥാടന ഭൂപടത്തിൽ ഗുരുവായൂരിന് നിർണ്ണായക സ്ഥാനം ഉറപ്പുവരുത്തുവാനുള്ള അടിയന്തര നടപടി ഈ പദ്ധതിയിലൂടെ നടപ്പാക്കുമോയെന്ന് വെളിപ്പെടുത്താമോ?

ഡി) പ്രസാദ് പദ്ധതിയിൽ ഗുരുവായൂരിനെ ഉൾപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാകുന്നമുറയ്ക്കും, മറ്റ് അനുബന്ധ പദ്ധതികൾ പൂർത്തിയാകുന്നതോടുകൂടിയും ലോക തീർത്ഥാടന ഭൂപടത്തിൽ ഒരു നിർണ്ണായക സ്ഥാനം ഗുരുവായൂരിന് ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സെക്ഷൻ ഓഫീസർ